മുതലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും മാറി നൽകുന്നതാണെന്ന് പ്രഥമാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. 2-6-2014 മുതൽ 26 ദിവസത്തെ ശമ്പളം സ്പാർക്ക് മുഖേന പാർട്ട് സാലറിയായി എടുത്തപ്പോൾ നിർബന്ധിതമായി കുറവ് ചെയ്യേണ്ട തുകകൾ ഉൾപ്പെട്ട് വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത ദിവസങ്ങളിലെ ശമ്പളം മാറി നൽകുവാനായിട്ടില്ല. ഈ വിവരം സ്പാർക്ക് അധികാരികളെ അറിയിച്ചിട്ടുണ്ട്.

(ബി) 17-6-2014-ലെ സർക്കാർ ഉത്തരവിന്റേയും, 25-8-2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി മിനി ജോസഫിന്റെ സ്ഥലംമാറ്റം അംഗീകരിച്ച് നൽകുകയും, 3-6-2013 മുതൽ 1-6-2014 വരെയുള്ള ശമ്പളം മാറി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ ആരും വീഴ്ച വരുത്തിയതായി കാണുന്നില്ല.

(ഡി) ഈ വിഷയത്തിൽ ആരും വീഴ്ച വരുത്തിയതായി കാണുന്നില്ല ആയതിനാൽ പ്രത്യേക അന്വേഷണത്തിന്റെ ആവശ്യമില്ല.

(ഇ) ഈ വിഷയത്തിൽ ആരും തന്നെ ന്യായയുക്തമല്ലാതെ പ്രവർത്തിച്ചതായി കാണുന്നില്ല.

(എഫ്) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി സ്ഥിരീകരിച്ച ഒഴിവുകളിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ യഥാസമയം അംഗീകരിക്കുന്നുണ്ട്. ചട്ടപ്രകാരമല്ലാത്ത നിയമനങ്ങൾ വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയും തത്ഫലമായി അവ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള അപ്പീലുകൾ, റിവിഷനുകൾ എന്നിവയ്ക്ക് വിധേയമായി തീർപ്പുകൽപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ജലമണി പദ്ധതി

29 (1065) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്കൂളുകൾക്കുള്ള ജലമണി പദ്ധതിക്കായി കേന്ദ്രസർക്കാർ കഴിഞ്ഞവർഷം എന്തു തുക അനുവദിച്ചുവെന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസവകുപ്പ് യഥാസമയം തയ്യാറാക്കി വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ ഇതിന് ഉത്തരവാദി ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി ശരിയായ രീതിയിൽ നടപ്പാക്കാഞ്ഞതിനാൽ അടുത്ത ഘട്ടത്തിലേയ്ക്ക് കേരളത്തെ പരിഗണിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷം (2013-14) കേന്ദ്ര സർക്കാർ ജലമണി പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) അറിയിച്ചിരുന്നു.

(സി) ബാധകമല്ല.

(ഡി) ഇല്ല.

എടത്തറ യു.പി.എസ്. അപ്ഗ്രഡേഷൻ

30 (1066) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിലെ എടത്തറ യു.പി.എസ്. അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഈ വർഷം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

(ബി) അപ്ഗ്രഡേഷൻ നടക്കാത്തതു മൂലം തുടർ പഠനത്തിനായി ഈ സ്കൂളിലെ കുട്ടികൾ വിവിധ സ്കൂളുകളിലേക്ക് പോകുന്നതിന് ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ ഈ വർഷം തന്നെ സ്കൂളിന് അപ്ഗ്രഡേഷൻ നൽകുമോ ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം

31 (1067) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ ഏത് തീയതി വരെയുള്ള അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly